ഉത്തരം

ആനകൾക്കും മറ്റു മൃഗങ്ങൾക്കും, കരുപ്പെട്ടി കൊടുത്തിട്ടില്ല. ഉപ്പിടീലിന് 27,922.41 രൂപ ചെലവായി.

വനസംരക്ഷണ സേന

1639. [2458] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഇപ്പോൾ വനസംരക്ഷണ സേനയിൽ വിവിധ റാങ്കുകളിലായി മൊത്തമുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണമെത്ര ;

(ബി) ഇത് വനസംരക്ഷണത്തിനു പര്യാപ്തമാണോ ?

ഉത്തരം

(എ) ഈ വർഷത്തെ ബഡ്ജറ്റിലെ കണക്കനുസരിച്ച് വനസംരക്ഷണ സേനയുടെ എണ്ണം താഴെ പറയുന്നു.

1.	റേഞ്ചർ	..	261
2.	ഡെപ്യൂട്ടി റേഞ്ചർ	..	63
3.	ഫോറസ്റ്റർ	..	206
4.	ഗാർഡ്	..	1838
		..	2368

(ബി) അല്ല.

ശ്രീ. അബ്ദുൽ ഖാദറിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം

1640. [2461] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആനകുത്തി മരണപ്പെട്ട പാപ്പാൻ കമ്മണ്ണർ സ്വദേശി ശ്രീ. അബ്ദുൽ ഖാദറിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 22-7-1985-ൽ നൽകിയ ഒരു പരാതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അബ്ദുൽ ഖാദറിന്റെ സേവനകാലം, ലഭിച്ചിരുന്ന ശമ്പളം മുതലായവയെല്ലാം പരിഗണിച്ച് ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്ന സമയത്ത് മരണപ്പെട്ടുപോയ ഈ തൊഴിലാളിയുടെ കുടുംബത്തിന് നിയമപരമായ നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) നിയമപ്രകാരം ആശ്രിതർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളായ ഫാമിലി പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിക്കുകയും ആയത്

LIBRARY ARCHIVES Kerala Legislative Assembly